No. 1/PR/2014/Infopark PS.

ഇൻഫോ പാർക്ക് പോലീസ് സ്റ്റേഷൻ,
കൊച്ചി സിറ്റി. തിയതി :13/01/2015.

## കുറ്റാരോപണ മെമ്മോ

കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തിരുന്നതും ഇപ്പോൾ ശൂന്യവേതനാവധിയിൽ കഴിഞ്ഞുവരുന്നതുമായ സി പി ഒ 8537 ശ്രീ. പി എം മൂസാനെതിരെയുള്ള കുറ്റാരോപണ മെമ്മോ.

I) സി പി ഒ 8537 ശ്രീ. പി എം മൂസാൻ ആയ നിങ്ങൾ കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തു വരവെ, വിദേശത്ത് ജോലി നോക്കുന്നതിനായി GO (Rt) No.2305/2003/Home dated Tvpm 01-12-2003 പ്രകാരം 13-12-2003 തിയതി മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പോകുകയും തുടർന്ന് GO (Rt) No.2810/2008/Home dated Tvpm 08-09-2008 പ്രകാരം 13-12-2008 തിയതി മുതൽ 5 വർഷത്തെക്കുകൂടി അവധി ദീർഘിപ്പിക്കുകയും ആയത് പ്രകാരം താങ്കളുടെ അവധിയുടെ കാലാവധി കഴിഞ്ഞ് 13-12-2013 തിയതി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന നിങ്ങൾ നാളിതുവരെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യാതെ സ്വമേതയാ കൃത്യനിർവഹണത്തിൽ നിന്നും വിട്ടുനിന്ന് ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും പ്രവർത്തിച്ചു എന്നുള്ളതാണ് നിങ്ങൾക്കെതിരെയുള്ള കുറ്റം.

II) നിങ്ങൾക്കെതിരെ 1958 ലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പിലും ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് തക്കതായ കാരണങ്ങൾ ബോധിപ്പിക്കുവാനുണ്ടെങ്കിൽ, എതിർ വാദങ്ങളടങ്ങിയ നിങ്ങളുടെ വിവര പത്രിക ഈ കുറ്റാരോപണ മെമ്മോ കൈപറ്റി 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ നിങ്ങളുടെ സമാധാനം ലഭിക്കാതിരുന്നാൽ ഈ സംഗതിക്ക് നിങ്ങൾക്ക് വിശദീകരണങ്ങൾ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ അനന്തര നടപടികൾ കൈകൊള്ളുന്നതായിരിക്കും. നിങ്ങങ്കൾ കാര്യങ്ങൾ നേരിട്ട് ബോധിപ്പിക്കാനഗ്രഹിക്കുന്നുവെങ്കിൽ ആ വിവരം കൂടി അറിയിക്കേണ്ടതാണ്. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളിൽ പറഞ്ഞിട്ടുള്ള പ്രസക്ത ഭാഗങ്ങൾ നോക്കുന്നതിന് നിങ്ങളുടെ അപേക്ഷയിൽ മേൽ മുൻകൂട്ടി നിശ്ചയിച്ച ദിവസം നിങ്ങളുടെ സമാധാനം സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപുള്ള ഏതെങ്കിലും ദിവസം എന്റെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതും പ്രസക്ത ഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതാണ്.

III) മേൽ പറഞ്ഞ ആരോപണങ്ങൾക്ക് അടിസ്ഥാനമായ ഒരു കുറ്റപത്രിക താഴെ ചേർക്കുന്നു.

**കുറ്റാരോപണ പത്രിക**

കൊച്ചി സിറ്റി ട്രാഫിക് ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തിരുന്ന സി പി ഒ 8537 ശ്രീ. പി എം മൂസാൻ ആയ നിങ്ങൾക്ക് വിദേശത്ത് ജോലി നോക്കുന്നതിനായി GO (Rt) No.2305/2003/Home dated Tvpm 01-12-2003 പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നതും 13.12.2003 FN ൽ നിങ്ങളെ വിടുതൽ

ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് GO (Rt) No.2810/2008/Home dated Tvpm 08-09-2008 പ്രകാരം 13-12-2008 തിയതി മുതൽ 5 വർഷത്തെക്കുകൂടി നിങ്ങൾക്ക് ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതുമാണ്. ആയത് പ്രകാരം 13-12-2013 തിയതിയിൽ അവധിയുടെ കാലാവധി പൂർത്തിയായിട്ടും നിങ്ങൾ നാളിതുവരെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുകയോ തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ഇക്കാര്യത്തിൽ നിങ്ങളോട് വിശദീകരണം ബോധിപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് 15-11-2014 തിയതിയിലെ A5(b) 52032/2010 EC പ്രകാരം നോട്ടീസ് നടത്തിയിട്ടുള്ളതുമാണ്.

ഇത്തരത്തിൽ 13-12-2003 തിയതി മുതൽ 5 വർഷത്തെ ശൂന്യവേതരാവധിയിൽ പ്രവേശിക്കുകയും 13.12.2008 തിയതി മുതൽ 5 വർഷത്തേക്കു കൂടി ടി അവധി ദീർഘിപ്പിക്കുകയും ചെയ്ത നിങ്ങൾ 13-12-2013 തിയതിയിൽ സർവ്വീസിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നോട്ടീസ് നൽകിയിട്ടും നിങ്ങൾ തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നത് തികച്ചും ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണ്. അയതിനാൽ നിങ്ങൾക്കെതിരെയുള്ള മേൽ ആരോപണങ്ങളെകുറിച്ച് 1958 ലെ KPDIP & A ചട്ടം 6ാം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാവിവര പത്രിക സമർപ്പിക്കുന്നതിന് ടി നിയമത്തിലെ 8(1)(111) വകുപ്പുകൾ പ്രകാരം കൊച്ചി സിറ്റി ഇൻഫോപാർക്ക് പോലീസ് ഇൻസ്പെക്ടറായ എന്നെ ഉത്തരവ് നമ്പർ H2- 67685/2014 EC dated 17.12.2014 പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ കുറ്റപത്രം തയ്യാറാക്കിയിട്ടുള്ളതാണ്.

**IV**) വാച്യാന്വേഷണ വേളയിൽ താഴെ പറയുന്ന സാക്ഷികളെ വിസ്തരിക്കുന്നതും രേഖകൾ തെളിവിലേക്ക് സ്വീകരിക്കുന്നതും ആവശ്യമെന്ന് തോന്നുന്ന പക്ഷം കൂടുതൽ സാക്ഷികളെ വിസ്തരിക്കുന്നതും കൂടുതൽ രേഖകൾ തെളിവിലേക്ക് സ്വീകരിക്കുന്നതുമാണ്.

<u>സാക്ഷികൾ</u>

1. സാജൻ സേവ്യർ, പോലീസ് ഇൻസ്പെക്ടർ, ട്രാഫിക് ഈസ്റ്റ്, കൊച്ചി സിറ്റി.
2. ബിജു എം വി, സി പി ഒ 12194, ട്രാഫിക് ഈസ്റ്റ്, കൊച്ചി സിറ്റി.
3. യൂനുസ് S/o ഇബ്രാഹിം പൊതിയിൽ വീട്, കാരുകുന്നം, വിലങ്ങ് ആലുവ.

<u>രേഖകൾ</u>

1. GO (Rt) No. 2305/2003/Home dated Tvpm 01-12-2003
2. DO No. 1029/2003 dated 11-12-2003
3. No.1420/LR/03/CITE dated 13-12-2003
4. GO (Rt) No. 2810/2008/Home Tvpm dated 08-09-2008
5. Notice No. A5(b)/52032/10/EC dated 15-11-2014

വി. റോയി
പോലീസ് ഇൻസ്പെക്ടർ
ഇൻഫോ പാർക്ക്
കൊച്ചി സിറ്റി. 13/1/15

//അംഗീകരിച്ചു//
27/1/15
ജില്ലാ പോലീസ് മേധാവി,
കൊച്ചി സിറ്റി.
24/1